

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വടക്കേക്കാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ടി.എസ്.ആർ(പി16)1925/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 14/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടക്കേക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 14/12/2023
കെ.എസ്.എ.ടി.എസ്.ആർ(പി16)1925/2023

തൃശൂർ ജില്ലയിലെ വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-12-2022 മുതൽ 22-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സാബു.പി.എസ്.	ഡെപ്യൂട്ടി ഡയറക്ടർ	27-11-2023	05-12-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
27-11-2023	05-12-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

എം. എൽ. അഗസ്റ്റിൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്ര.)
ജോമോൻ ഇ.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജീജോ ജോബ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
അനിറ്റ ഡൊമനിക്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ഫസലുൽ അലി.വി.കെ.	പ്രസിഡന്റ്	01-04-2022	31-03-2023
മനോജ്.പി.എൻ.	സെക്രട്ടറി	01-04-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഷൈനി ജോൺ.എം.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	31-03-2023
അനിത.പി.കെ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	31-03-2023
സുമേഷ്. എസ്.	കൃഷി ഓഫീസർ	01-04-2022	31-03-2023
ദീപ സി.എൻ.	വെറ്ററിനറി സർജൻ	01-04-2022	31-03-2023
ജോയ്സി.എ.കെ.	ഹെഡ്മിസ്ട്രസ്സ്	01-04-2022	06-10-2022
ഷൈനി ജോൺ.എം.	അസിസ്റ്റന്റ് സെക്രട്ടറി (ഇൻചാർജ്ജ്)	07-10-2022	31-03-2023

നിത.ടി.ജി.	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.വടക്കേക്കാട്)	01-04-2022	31-03-2023
രാഖി.എൻ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2022	31-03-2023
സുഹാന	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2022	15-04-2022
ഷിജി.ടി.എ.	മെഡിക്കൽ ഓഫീസർ (ഹോമിയോ)	16-04-2022	31-03-2023
ദീപക്.സി.	വി.ഇ.ഒ. ഗ്രേഡ് 1 ഞമനേങ്ങാട് സർക്കിൾ	01-04-2022	24-07-2022
ജിറ്റോ.ജി.കെ.	വി.ഇ.ഒ. ഗ്രേഡ് 2 ഞമനേങ്ങാട് സർക്കിൾ	25-07-2022	07-08-2022
സുമ.എസ്.എസ്.	വി.ഇ.ഒ. ഗ്രേഡ് 1 ഞമനേങ്ങാട് സർക്കിൾ	08-08-2022	31-03-2023
ജിറ്റോ.ജി.കെ.	വി.ഇ.ഒ. ഗ്രേഡ് 2 വടക്കേക്കാട് സർക്കിൾ	01-04-2022	15-01-2023
സുമ.എസ്.എസ്. (അധിക ചുമതല)	വി.ഇ.ഒ. ഗ്രേഡ് 2 വടക്കേക്കാട് സർക്കിൾ	16-01-2023	21-02-2023
ജിറ്റോ.ജി.കെ.	വി.ഇ.ഒ. ഗ്രേഡ് 2 വടക്കേക്കാട് സർക്കിൾ	22-02-2023	31-03-2023
ടോണി ജോസഫ്.എ.എഫ്.	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	01-04-2022	31-03-2023
സബിത.കെ.കെ.	ഐ.സി.ഡി.എസ് സൂപ്പർ വൈസർ	01-04-2022	03-01-2023
പ്രത്യുഷ.കെ.ജെ.	ഐ.സി.ഡി.എസ് സൂപ്പർ വൈസർ	04-01-2023	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	നിക്ഷേപ സർട്ടിഫിക്കറ്റ് ഭൗതിക പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല	1-1-1
3	തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല	1-1-2
4	Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി.	1-1-3
5	തെറ്റായ ശീർഷകത്തിൽ വരവ് രേഖപ്പെടുത്തി.	1-1-4
6	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.	1-1-5
7	നിക്ഷേപ പ്രവൃത്തിക്ക് മുൻകൂർ തുക നൽകിയത് അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്തില്ല.	1-1-6
8	കുടിശ്ശികത്തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-7
9	പാർട്ട് ബിൽ നൽകിയ തുകകൾ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.	1-1-8
10	കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-9
11	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-10
12	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.	1-1-11
13	അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല.	1-1-12
14	പ്രതിമാസ റീകൺസിലിയേഷൻ പത്രികകൾ തയ്യാറാക്കിയിട്ടില്ല.	1-1-13
15	വസ്തുനികുതി- സഞ്ചയ ഡി.സി.ബി.യും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല.	1-1-14
16	വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല.	1-1-15
17	ലെഡ്ജർ ബാലൻസുകളും ആ ലെഡ്ജറുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല	1-1-16
18	കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.	1-1-17
19	പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾ - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.	1-1-18
20	വായ്പാ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.	1-1-19
21	ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.	1-1-20
22	അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല	1-1-21
23	വരവിനങ്ങളുടെ / ഡിമാന്റ് ഇനങ്ങളുടെ രജിസ്റ്ററുകൾ ശരിയായി പരിപാലിക്കുന്നില്ല.	1-1-22
24	ബജറ്റ്	1-2
25	ഫണ്ട് വിനിയോഗം	1-3
26	പദ്ധതി അവലോകനം	1-4
27	തൊഴിലുറപ്പ് പദ്ധതി	1-5
28	ക്ഷേമ പദ്ധതികൾ	1-6
29	ക്യാഷ് പരിശോധന	1-7
30	ആഭ്യന്തര നിയന്ത്രണം	1-8
31	ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം	1-9
32	രസീതു മുഖേന പിരിച്ചെടുത്ത തുക ഗ്രാമപഞ്ചായത്തിൽ വരവ് വച്ചില്ല	1-10
33	തൊഴിൽ നികുതി - അപാകങ്ങൾ	1-11
34	കരാറുകാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല	1-12
35	സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല	1-13
36	തെറ്റായ അടിസ്ഥാന വസ്തുനികുതി നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കി	1-14

37	മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്	1-15
38	പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്	1-16
39	FTEAOS ലൈസൻസ്- അപാകങ്ങൾ	1-17
40	പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഈടാക്കിയിട്ടില്ല	1-18
41	ഫാം ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു	1-19
42	കടമുറിവാടക -പരാതിയുടെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണ്	1-20
43	ലേലം -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്	1-21
44	കെട്ടിടനിർമ്മാണ പെർമ്മിറ്റ് - സാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-22
45	സാമൂഹ്യ സുരക്ഷാ പെൻഷൻ - അപാകങ്ങൾ	1-23
46	വിവിധ പ്രൊജക്ടുകൾ പ്രകാരം സി.എച്ച്.സി.യിലേക്ക് മരുന്നുകൾ വാങ്ങൽ- മുഴുവൻ മരുന്നുകളും ലഭ്യമായില്ല.	1-24
47	കോക്ലിയർ ഇംപ്ലാന്റേഷൻ -ഉപകരണം ലഭ്യമായിട്ടില്ല.	1-25
48	അനുപൂരക പോഷകാഹാരം- ഉത്പന്നങ്ങൾ വാങ്ങിയപ്പോൾ CGST,SGSTഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കായിട്ടില്ല	1-26
49	പദ്ധതിപ്രകാരം മാറ്റിയ പഴയ മോട്ടോർ- തുടർനടപടി സ്വീകരിക്കേണ്ടതാണ്	1-27
50	സോളാർ വൈദ്യുതി -പ്രവർത്തനക്ഷമമായിട്ടില്ല	1-28
51	ക്ഷീര കർഷകർക്ക് പാലളവ് -വിനിയോഗവിവരങ്ങൾ ഹാജരാക്കിയിട്ടില്ല	1-29
52	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല.	1-30
53	ബാലസഭ പ്രവർത്തനങ്ങൾക്കായി അധികമനുവദിച്ച തുക തടസപ്പെടുത്തുന്നു.	1-31
54	മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സിമന്റിന് മാർക്കറ്റ് വിലയേക്കാൾ അധിക തുക അനുവദിച്ചു	1-32
55	എം.സി.എഫ്. നിർമ്മാണം പാതിവഴിയിൽ	1-33
56	ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് നൽകിയ മുൻകൂർ - വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.	1-34
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പാതിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക ധനകാര്യപത്രിക - സംക്ഷിപ്തം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 15.07.2023 തീയതിയിലെ 1(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 17.10.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി: 14.12.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

1-1-1 നിക്ഷേപ സർട്ടിഫിക്കറ്റ് ഭൗതിക പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം 420800199-Other Investments എന്ന ശീർഷകത്തിൽ 1000/- രൂപ നിക്ഷേപമുണ്ട്. ആയതിന്റെ നിക്ഷേപ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-1-2 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

2022-23 വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, ഹോംകോ എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ കൈമാറിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും സാധനങ്ങൾ ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രൊജക്ട് നമ്പരും പേരും	തുക	വൗച്ചർ നമ്പർ / തീയതി	ചെലവ് ബുക്ക് ചെയ്ത ശീർഷകം
1	ജീവിതശൈലീ രോഗ നിയന്ത്രണ ക്യാമ്പുകൾക്ക് മരുന്ന് വാങ്ങൽ (14/23)	7,00,000	42201284/20.02.23 -₹5,57,912 42201288/07.03.23-₹1,19,039 42201335/27.03.23-₹23,049	251110008- Medical Institutions-Allopathy-Purchase Of Medicines For Hospitals

2	പരിരക്ഷ പദ്ധതി (13/23)	1,68,829	422001328/20.03.23-180490(Gross Amount)	251110050 – Health Related Activities Palliative Care.
3	കിഡ്നി രോഗികൾക്ക് ഡയാലിസിസും മരുന്ന് വാങ്ങലും (17/23)	4,80,000	42201287/07.03.23	251110012- Medical Institutions-Allopathy-Health Related Activities
4	ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് (ഹോമിയോ) മരുന്ന് വാങ്ങൽ (139/23)	3,00,000/-	42201260/11.01.23	251110208- Medical Institution-Homoeo-Purchase Of Medcines In Health Institutions

1-1-3 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി.

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ

പഞ്ചായത്തിന്റെ ആകെ വരുമാനം (A)		13,60,89,550
ആകെ ചെലവ് (B)		13,62,31,550
മിച്ചം തുക C= A-B		(-)1,42,000
Prior Period Income	25,993	
Prior Period Expenditure	0	
Net Difference Between Prior Period Income And Expenses (D)		25,993
Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D		(-)1,16,007

(E) Gross Surplus/(Deficit) Of Income Over Expenditure After Prior Period Items എന്നതിന്റെ ഫോർമുല E=C+D എന്നതിന് പകരം E= C-D എന്ന് ചേർത്തിട്ടുള്ളതിനാൽ (-)1,42,000 ൽ നിന്നും 25,993/- കുറച്ചപ്പോൾ ലഭിച്ച (-)1,67,993 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ 31/3/23 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ (-)116,007 രൂപ തന്നെയാണ്.

31/3/22 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ്	3,55,36,130.30
കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D	(-)1,16,007
31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ്	3,54,20,123.30

(കുറിപ്പ്- Income And Expenditure Account ൽ Expenditure ശീർഷകത്തിൽ തൻവർഷ ചെലവുകളോടൊപ്പം 190000000- Prior Period Income എന്ന ശീർഷകത്തിൽ 25,993 രൂപ ചേർത്തിട്ടുണ്ട്.എന്നാൽ ആയത് ആകെ ചെലവ് തുകയിൽ കണക്കാക്കിയിട്ടില്ല)

1-1-4 തെറ്റായ ശീർഷകത്തിൽ വരവ് രേഖപ്പെടുത്തി.

A. റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളിൽ നിന്നും കാലിബാരൽ വില ആയി കുറവ് ചെയ്യുന്ന തുകകൾ 150120102-Receipts From Sale Of Scrap/Empties And Waste Materials എന്ന ശീർഷകത്തിൽ ബുക്ക് ചെയ്യുന്നതിന് പകരം 140200101-Penalties And Fines-Penal Interest, 140200199-Penalties And Fines- Other Penalties എന്നീ ശീർഷകങ്ങളിലാണ് ബുക്ക് ചെയ്തിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

വൗച്ചർ നം./തീയതി	തുക	വരവ് രേഖപ്പെടുത്തിയ ശീർഷകം
1220000346/25.03.23	8,727	140200101-Penalties And Fines-Penal Interest
1220000336/24-03-2023	8,149	140200101-Penalties And Fines-Penal Interest
42201086/27-03-2023	3,091	140200199-Penalties And Fines-Other Penalties

B. 2021-22 വർഷം ഗ്രാമപഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടുകളിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരം റിഡംപ്ഷൻ ആയി കുറവ് ചെയ്ത തുക തിരികെ ലഭിച്ചപ്പോൾ റിഡംപ്ഷൻ തുക ബുക്ക് ചെയ്ത ആസ്തി ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുന്നതിന് പകരം ബാധ്യത ശീർഷകത്തിലാണ് ക്രെഡിറ്റ് ചെയ്തത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

രസീത് നം/തീയതി	തുക	വരവ് ക്രെഡിറ്റ് ചെയ്ത ശീർഷകം	വരവ് ക്രെഡിറ്റ് ചെയ്യേണ്ടിയിരുന്ന

			ശീർഷകം
1220000296/ 27.02.23	1,30,868	320200399-Grants, Funds & Contributions For Specific Purpose-Other Than Development Fund & State Sponsored Scheme Funds- Other Purpose	431500199-Receivables Of Redemption
1220000299/ 27.02.23	24,26,337		

1-1-5 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

എ) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4- പ്രകാരം പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി ലഭിച്ച തുകകളിൽ ചെലവഴിക്കാത്ത തുകകളുടെ നീക്കിയിരിപ്പും ടി തുകകൾ സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പും തുല്യമാകേണ്ടതുണ്ട്. എന്നാൽ താഴെ ചേർക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ബി4- ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ടി ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടുകളുടെ ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ശീർഷകം	ഷെഡ്യൂൾ ബി-4 പ്രകാരമുള്ള നീക്കിയിരിപ്പ്	ബാങ്ക് അക്കൗണ്ട്	ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പ്
320200104-Development Fund- Central Finance Commission Grant- Basic Tax	1,47,555	450210101-UNION BANK (A/C No.038922010000126)	15,80,246
320200113-Development Fund- Central Finance Commission Grant- Tied Fund	11,62,991		
ആകെ	13,10,546		

ബി) ഹെൽത്ത് ഗ്രാന്റ് – പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഹെൽത്ത് & വെൽനസ് സെന്ററുകളാക്കി മാറ്റൽ എന്ന പദ്ധതിക്കായി പ്രത്യേക ബാങ്ക് അക്കൗണ്ടിൽ (450240139-Union Bank Of India -A/C No.038922010000745) ലഭിച്ച തുകയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയായ 1,59,384/- രൂപ, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം രണ്ട് ബാധ്യതാശീർഷകങ്ങളിലായാണ് ചെലവഴിക്കാൻ അവശേഷിക്കുന്നതായി കാണിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ശീർഷകം	വിവരണം	31.03.23 ലെ നീക്കിയിരിപ്പ്
320100139	National Health Mission	49384
320100204	Grant For Specific Purpose-Health Grant Towards Conversion Of PHCs And Subcentres Into Health & Wellness Centre	110000
ആകെ		159384

ഒരേ ആവശ്യത്തിനായി ലഭിച്ച പ്രത്യേക ഫണ്ടുകൾ വ്യത്യസ്ത ബാധ്യത ശീർഷകങ്ങളിൽ ചെലവഴിക്കാൻ അവശേഷിക്കുന്നതായി കാണിക്കുന്നത് ശരിയല്ല. ചെലവഴിക്കാൻ അവശേഷിക്കുന്ന മുഴുവൻ തുകയും 320100204-Grant For Specific Purpose-Health Grant Towards Conversion Of PHCs And Subcentres Into Health & Wellness Centre എന്ന ശീർഷകത്തിലേക്ക് മാറ്റേണ്ടതാണ്.

1-1-6 നിക്ഷേപ പ്രവൃത്തിക്ക് മുൻകൂർ തുക നൽകിയത് അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്തില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന് അനർട്ടിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ 460500206-Advance To Implementing Agencies- Deposit With ANERT എന്ന അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കുമ്പോൾ ആയത് ആസ്തിയായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ തുക നൽകിയ ഇടപാട് ആസ്തി ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രൊജക്ട് നമ്പരും പേരും	തുക	വൗച്ചർ നമ്പർ / തീയതി	ചെലവ് ബുക്ക് ചെയ്ത ശീർഷകം	പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരങ്ങൾ

1	182/23- അസി.എഞ്ചിനീയർ ഓഫീസ്, കൃഷിഭവൻ, ആയുർവേദ,ഹോമിയോ ഡിസ്പെൻസറികൾ എന്നിവയ്ക്ക് വൈദ്യുതി ക്കായി സോളാർ പാനൽ സ്ഥാപിക്കൽ	2,94,250/-	42201281/ 15.02.23	413150201-Solar Power Generation-Establishment Of Plant	പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

1-1-7 കുടിശ്ശികത്തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം 431100104-Receivables For Property Tax On Non-Residential Buildings (Arrears) എന്ന ശീർഷകത്തിൽ 38,694/- രൂപ ലഭിക്കാൻ അവശേഷിക്കുന്നു. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ പ്രകാരം രണ്ട് വർഷത്തിലധികമായി പിരിഞ്ഞു കിട്ടാതെ ശേഷിക്കുന്ന ഡിമാന്റുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തേണ്ടതാണ്. മേൽ തുക ഏതെല്ലാം വർഷത്തെ ഡിമാന്റുമായി ബന്ധപ്പെട്ടതാണെന്ന് വ്യക്തമാക്കുന്ന കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം Provision For Doubtful Receivables എന്ന ശീർഷകത്തിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-8 പാർട്ട് ബിൽ നൽകിയ തുകകൾ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.

ബാലൻസ് ഷീറ്റ് പ്രകാരം 412010101-Capital Work In Progress എന്ന ശീർഷകത്തിൽ നീക്കിയിരിപ്പില്ല. എന്നാൽ അസി.എഞ്ചിനീയറുടെ റികാസിഷിൻ രജിസ്റ്റർ പ്രകാരം 2022-23 വർഷത്തിൽ പാർട്ട് ബിൽ നൽകിയതും എന്നാൽ തൻവർഷം പൂർത്തീകരിക്കാത്തതുമായ പല പ്രവൃത്തികളുടെയും ചെലവ് കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ശീർഷകത്തിൽ രേഖപ്പെടുത്തുന്നതിന് പകരം ആസ്തി ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ടിന്റെ പേരും നമ്പരും	ഫണ്ടിനം	ചെലവഴിച്ച തുക	വൗച്ചർനം/ തീയതി	ചെലവ് ബുക്ക് ചെയ്ത ആസ്തി ശീർഷകം
പ്രൊ.നം.4/23-അഞ്ഞൂർ-ചക്കിത്തറ റോഡ് കാന നിർമ്മാണം	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	6,06,701	42201417/31.03.23	415110004-Roads-Drainage
പ്രൊ.നം.160/23-രാജീവ് ഗാന്ധി റോഡ് കാന നിർമ്മാണം-റീച്ച് 1	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	4,93,212	42201049/17.03.23	415110004-Roads-Drainage

1-1-9 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 31,25,197/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 85,59,306/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-10 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

1-1-11 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

എ) ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾക്ക് അടിസ്ഥാനമാക്കിയ വർക്ക് ഷീറ്റുകൾ, വൗച്ചറുകൾ എന്നിവ ലഭ്യമാക്കിയില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നതു്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ

പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് ആധാരമായ വൗച്ചറുകളും വർക്ക് ഷീറ്റുകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

ബി) ഇൻകം & എക്സ്പൻഡിച്ചർ പത്രികയിലെ ഷെഡ്യൂൾ I-19 ൽ ഉൾപ്പെട്ട 190100101-Prior Period Income- Property Tax എന്ന ലെഡ്ജർ പ്രകാരം ജേണൽ വൗച്ചർ മുഖേന റസിഡൻഷ്യൽ, നോൺ റെസിഡൻഷ്യൽ വസ്തുനികുതിയുടെ കുടിശ്ശിക ഡിമാന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്.(വൗച്ചർ നം. 42100005/31.03.23, ₹1777, 42100008/31.03.23, ₹20,454) എന്നാൽ ടി ജേണൽ എൻട്രികൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

1-1-12 അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ വടക്കേക്കാട് ഗ്രാമപഞ്ചായത്തിലെ റെഡിഡൻഷ്യൽ - നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതി ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വരുമാന ശീർഷകം	ജേണൽ വൗച്ചർനം./തീയതി	ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക
110100101-Property Tax On Residential Buildings	42100006/31.03.23	30,05,295
110100102-Property Tax On Non Residential Buildings	42100009/31.03.23	27,75,380

1-1-13 പ്രതിമാസ റീകൺസിലിയേഷൻ പത്രികകൾ തയ്യാറാക്കിയിട്ടില്ല.

താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പത്രികകൾ തയ്യാറാക്കുകയോ ബന്ധപ്പെട്ട അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

1. 450210101- Life SBI (38069132175)
2. 450210101 – Federal Bank (18890100082621)
3. 450210101 -Kerala Grameen Bank (40296101022692)
4. 450210102 -District Co- Operative Bank (80012032342)
5. 450240182 – IDBI Bank- (0269104000240925)

1-1-14 വസ്തുനികുതി- സഞ്ചയ ഡി.സി.ബി.യും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

14.1 തൻവർഷം

14.1.1 റെസിഡൻഷ്യൽ

	കളക്ഷൻ
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	29,89,355
വാർഷിക കണക്കിലെ വിവിധ	29,81,908

പത്രികകൾ പ്രകാരം	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)

14.1.2 നോൺ-റെസിഡൻഷ്യൽ

	കളക്ഷൻ
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	27,40,723
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം	27,33,644 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)

14.2 കുടിശ്ശിക

14.2.1 റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	1,777	1,781
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	0 *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)	1, 777 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)

14.2.2 നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	57,304	20,470
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	36,851 (2021-22ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) 10448+28246 = 38694* 100/105)	20,454 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)

14.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

		ഡിമാന്റ്			കളക്ഷൻ			മുൻകൂർ ക്രമീകരിച്ചത്	ഡിമാന്റ് കുറവ് ചെയ്തത്	ബാക്കി		
		തൻ വർഷം	കുടിശ്ശിക	ആകെ	തൻ വർഷം	കുടിശ്ശിക	ആകെ			തൻ വർഷം	കുടിശ്ശിക	ആകെ
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	റെസിഡൻഷ്യൽ	153096	96	153192	151375	92	151467	1761		0	0	0
	നോൺ-റെസിഡൻഷ്യൽ	139721	2882	142603	137871	1022	138893	1662		498	1844	2342
	ആകെ			295795			290360	3423		2342		
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം		295795			2,90,601				2,93,513	2342		
		State Govt . Cess/Levies..... ലെഡ്ജർ 2022-23 ലെ ലെഡ്ജർ, 2021-22 ലെ ബാലൻസ് ഷീറ്റ് എന്നിവ പ്രകാരം (1844+96+153096+ 1038+139721 = 295795			(റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-35 (വരവ്))				(431910101 -State Govt . Cess/ Levies..... ലെഡ്ജർ 2022-23)	(ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15)		

14.4 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 2,90,601 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 2,90,360 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/Levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 2,93,513 രൂപയാണ് (വൗച്ചർ 42100012, 42100014 തീ .31.03.23).

1-1-15 വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്ര.ന	ശീർഷകം	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ	സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ
1	350410101-Advance Collection Of Revenues -Property Tax On Residential Building	54,042/-	2,42,160/-
2	350410104-Advance Collection Of Revenues -Property Tax On Non-Residential Building	76,424/-	73,814/-

1-1-16 ലെഡ്ജർ ബാലൻസുകളും ആ ലെഡ്ജറുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഒന്നും തന്നെ പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും ലെഡ്ജറുകളുമായി മാസാന്ത്യ പൊരുത്തപ്പെടുത്തൽ നടത്തുകയും ചെയ്യുന്നില്ല.

1-1-17 കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-18 പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾ - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 ൽ ഉൾപ്പെട്ടതും ഷെഡ്യൂൾ ബി-17 പ്രകാരം പ്രത്യേക ബാങ്ക് അക്കൗണ്ട് ഇല്ലാത്തതുമായ താഴെ ചേർക്കുന്ന പ്രത്യേക ഉദ്ദേശ്യ ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ക്രമനമ്പർ	ശീർഷകം	വിവരണം	31.03.23 ലെ നീക്കിയിരിപ്പ്
1	320100105	Awards & Honours- Central Govt.	3,00,000/
2	320100125	Integrated Child Development Scheme	12,33,705
3	320100181	Total Sanitation Campaign	9,09,720
4	320100198	Grant From Suchitwa Mission	3,875
5	320100999	Other Liabilities	47,466
6	320200304	Grants, Funds & Contributions For Specific Purposes- Other Than Development Fund And State Sponsored Scheme Funds- Grant For Solid Waste Management	6,05,361
7	320200399	Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes	31,67,205
8	320300103	Grants, Funds & Contributions For	2,29,759

		Specific Purposes- Other Govt.Agencies- Total Sanitation	
9	320300199	Grants, Funds & Contributions For Specific Purposes- Other Govt.Agencies	35,27,537
10	320700105	Contributions For Joint Venture Projects (For Capital Expenditure) - FromDistrict Panchayats	13,60,000
11	320700204	Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats	16,65,867
12	320700205	Contributions For Joint Venture Projects (For Revenue Expenditure) - FromDistrict Panchayats	1,97,680
13	320700304	Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats	188
14	320700404	Contributions For Other Specific Purposes (For Revenue Expenditure)- From Block Panchayats	0
15	320800101	Beneficiary Contributions	2,20,226
16	320900102	Donations Related To Pandemic/Epidemic Control	4,100

1-1-19 വായ്പാ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

എ) 330500201- Secured Loans- Loan From KURDFC എന്ന ശീർഷകത്തിലെ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കുന്നതിന് വായ്പാ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ബി) 330500102-Secured Loan From Co-Operative Bank എന്ന ശീർഷകത്തിലെ (ജവഹർ സമ്പൂർണ്ണ ഭവന പദ്ധതി) രേഖപ്പെടുത്തലു കളുടെ കൃത്യത പരിശോധിക്കുന്നതിന് ബാങ്കിൽ നിന്നുള്ള ലോൺ പാസ്സ്ബുക്ക് / സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കി യിട്ടില്ല.

1-1-20 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ വാർഷിക കണക്കിൽ ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി-7 ൽ ഉൾപ്പെട്ട ശീർഷകങ്ങളിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചില്ല.

1-1-21 അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ ഉൾപ്പെട്ട ശീർഷകങ്ങളിലെ തുകകൾ നൽകിയതിന്റെയും തിരികെ ലഭിച്ചതിന്റെയും/അഡ്ജസ്റ്റ് ചെയ്തതിന്റെയും കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചില്ല.

1-1-22 വരവിനങ്ങളുടെ / ഡിമാന്റ് ഇനങ്ങളുടെ രജിസ്റ്ററുകൾ ശരിയായി പരിപാലിക്കുന്നില്ല.

താഴെ പറയുന്ന ഡിമാന്റിനങ്ങളുടെ രജിസ്റ്ററുകൾ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈയിനങ്ങളുടെ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത സാക്ഷ്യപ്പെടുത്താൻ സാധിച്ചിട്ടില്ല.

1. Licence Fees For Factories, Traders, Entrepreneurs And Other Services

2. Rent From Buildings

ബി. താഴെ പറയുന്ന വരവിനങ്ങളുടെ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല. ആയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1. Registration Fee From Private Hospital & Para Medical Institutions

2. Registration Fee From Tutorial Institutions.

1-2 ബജറ്റ്

പാസാക്കിയ തിയതി	കമ്മിറ്റി തീരുമാനം	പ്രതീക്ഷിത വരവ്	പ്രതീക്ഷിത ചെലവ്
25.03.2022	1(1)	26,81,70,000	27,11,48,000

റിവൈസ്ഡ് ബജറ്റ്

പാസാക്കിയ തിയതി	കമ്മിറ്റി തീരുമാനം	വരവ്	ചെലവ്
29.03.2023	2(1)	26,86,39,571	27,30,63,300

1-3 ഫണ്ട് വിനിയോഗം

ഗ്രാന്റ്		മുന്നിരുപ്പ്	വരവ്	ആകെ	ചെലവ്	*നീക്കിയിരുപ്പ്/ **ലാപ്സായ തുക	കുറിപ്പ്
വികസന ഫണ്ട്-ജനറൽ		0	16423000	16423000	16318037	**104963	
വികസന ഫണ്ട്-എസ്.സി.പി		0	4684000	4684000	4448488	**235512	
മെയിന്റനൻസ്, റോഡ്		0	7948000	7948000	7948000	0	
മെയിന്റനൻസ്, നോൺ-റോഡ്		0	5099000	5099000	4912820	**186180	
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied)	ട്രഷറി	0	769426	769426	565872	**203554	
	ബാങ്ക്	1629447	4424000	6053447	4890456	*1162991	
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied)	ട്രഷറി	0	0	0	0	0	
	ബാങ്ക്	60212	3036348	3096560	2949005	*147555	വരവിൽ ₹86348/- പലിശയും ചെലവിൽ ₹17 /- രൂപ ബാങ്ക് ചാർജ്ജും ഉൾപ്പെട്ടിട്ടുണ്ട്.
ഹെൽത്ത് ഗ്രാന്റ് – രോഗ നിർണ്ണയത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ		0	278525	278525	0	*278525	
ഹെൽത്ത് ഗ്രാന്റ് – പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഹെൽത്ത് & വെൽനസ് സെന്ററുകളാക്കി മാറ്റൽ		0	110000	110000	0	*110000	
നാഷണൽ ഹെൽത്ത് മിഷൻ		0	49384	49384	0	*49384	

1. പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകളുടെ എ.സി.ആർ സൂക്ഷിക്കാത്ത ഇനങ്ങളുടെ വിവരങ്ങൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. അപാകം ഖണ്ഡിക 1-1-18 ൽ പരാമർശിച്ചിട്ടുണ്ട്.

2. ഹെൽത്ത് ഗ്രാന്റ് – പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഹെൽത്ത് & വെൽനസ് സെന്ററുകളാക്കി മാറ്റൽ എന്ന പദ്ധതിക്കായി പ്രത്യേക ബാങ്ക് അക്കൗണ്ടിൽ (450240139-Union Bank Of India -A/C No.038922010000745) ലഭിച്ച തുകയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയായ 1,59,384/- രൂപ, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം 320100139-National Health Mission, 320100204-Grant For Specific Purpose - Health Grant Towards Conversion Of PHCs And Subcentres Into Health & Wellness Centre എന്നിങ്ങനെ രണ്ട് ബാധ്യതാശീർഷകങ്ങളിലായാണ് ചെലവഴിക്കാൻ അവശേഷിക്കുന്നതായി കാണിച്ചിട്ടുള്ളത്. ഒരേ ആവശ്യത്തിനായി ലഭിച്ച പ്രത്യേക ഫണ്ടുകൾ വ്യത്യസ്ത ബാധ്യത ശീർഷകങ്ങളിൽ ചെലവഴിക്കാൻ അവശേഷിക്കുന്നതായി കാണിക്കുന്നത് ശരിയല്ല. ചെലവഴിക്കാൻ അവശേഷിക്കുന്ന മുഴുവൻ തുകയും 320100204-Grant For Specific Purpose-Health Grant Towards Conversion Of PHCs And Subcentres Into Health & Wellness Centre എന്ന ശീർഷകത്തിലേക്ക് മാറ്റേണ്ടതാണ്.

3. സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

പ്രത്യേക ഗ്രാന്റുകളിൽ ചെലവഴിക്കാതെ ദീർഘകാലമായി അവശേഷിക്കുന്ന തുകകൾ ഉപയോഗിക്കുന്നില്ലെങ്കിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-4 പദ്ധതി അവലോകനം

2022 -23 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കിയ പദ്ധതിത്തുകയുടെ	നടപ്പാക്കിയ പ്രോജക്ടുകളുടെ

(എണ്ണം)				ശതമാനം	എണ്ണത്തിന്റെ ശതമാനം
181	109082628	137	58597489	53.71	75.69

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	6685	642888	649573	648270	1303
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	17351858	17351858	17351858	0
മെറ്റിരീയൽ കോസ്റ്റ്	0	6449044	6449044	6449044	0
ആകെ	6685	24443790	24450475	24449172	1303

1-6 ക്ഷേമ പദ്ധതികൾ

പദ്ധതിയുടെ പേര്	ചെലവുതുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളിപെൻഷൻ	1603200	155
വിധവാപെൻഷൻ	15980600	1476
വാർദ്ധക്യകാലപെൻഷൻ	20803000	2011
വികലാംഗപെൻഷൻ	3508200	328
50 വയസ്സിന്മേൽപ്രായമുള്ളഅവിവാഹിതരായ സ്ത്രീകൾക്കുള്ളപെൻഷൻ	896400	83
വിധവകളുടെപെൺമക്കൾക്കുള്ളവിവാഹധനസഹായം	330000	11

1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.11.2023 തീയതിയിൽ 3.10 PM ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13944/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

1-9 ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിട്ട്സ് പരിശോധനയിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും അവതരിപ്പിച്ചതായി കാണുന്നില്ല.
ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയത്തിനകം സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തെ വസ്തുനികുതി പിരിക്കുന്നതിന് എല്ലാ വാർഡുകളിലും ക്യാമ്പ് കളക്ഷൻ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. (12.10.2022-ലെ തീരുമാനം നം. 2).
നികുതി പിരിവ് ത്വരിതഗതിയിലാക്കുന്നതിന് ഡിമാന്റ് നോട്ടീസ് കുടുംബശ്രീ മുഖേന എല്ലാ വാർഡുകളിലും എത്തിക്കാൻ തീരുമാനിച്ചിട്ടുണ്ട്. (09.01.2023-ലെ തീരുമാനം നം. 4).
നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുന്നില്ല. എങ്കിലും വരവ്-ചെലവ് കണക്കുകൾ എല്ലാ മാസവും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗീകരിച്ച് ഭരണസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാറുണ്ട്.

കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നിലവിൽ നടത്തി വരുന്നില്ല.

വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

ഇനം	2021-22	2022-23	വർദ്ധനവ് (ശതമാനം)	
വസ്തുനികുതി റെസിഡൻഷ്യൽ	2931670	3005295	2.51	187 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു
വസ്തുനികുതി നോൺ റെസിഡൻഷ്യൽ	2548604	2775380	8.89	
തൊഴിൽ നികുതി-സ്ഥാപനങ്ങൾ + ട്രേഡേഴ്സ് +പ്രൊഫഷണലുകൾ	346000	405090 +238990 +7650 = 651730	88.36	
തൊഴിൽ നികുതി - ജീവനക്കാർ	1031580	1115890	8.17	
ലൈസൻസ് ഫീസ്	217900	242850	11.45	

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

വസ്തുനികുതി

തദ്ദേശസ്വയംഭരണവകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ)77/23/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്ത് ആക്ഷേപം സ്വീകരിച്ചിട്ടുള്ളതാണ്. ഭരണസമിതി യോഗത്തിന്റെ 15.09.2023 ലെ 2(2) നമ്പർ തീരുമാനപ്രകാരം അന്തിമമാക്കിയിട്ടുണ്ട്.
വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്വെയർ അപ്ഡേഷനോ ഡാറ്റാ പ്യൂരിഫിക്കേഷനോ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലാത്തതാണ്. സോഫ്റ്റ്വെയർ അപ്ഡേഷൻ നടപടി പൂർത്തീകരിക്കാത്തതിനാൽ നിലവിലെ നിരക്കിൽ നികുതി ഈടാക്കി വരുന്നു.
2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. റോഡ് മാപ്പ് ലഭ്യമല്ലാത്തതിനാൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്, ഇളവ് എന്നിവ പരിശോധിക്കുന്നതിന് സാധിച്ചില്ല.

സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രെനേജ് തുടങ്ങിയവ) നിലവിൽ ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നില്ല. ആയതിനുള്ള സാധ്യത ഭരണസമിതി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

തൊഴിൽനികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, (അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ) സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല.
നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

വിനോദനികുതി

ഗ്രാമപഞ്ചായത്ത് പരിധിയിൽ ടർഫ് കോർട്ട്, ഇൻഡോർ കോർട്ട്, കേബിൾ ടിവി നെറ്റ്വർക്ക് എന്നിവ പ്രവർത്തിക്കുന്നുണ്ട്. അതിൽനിന്നും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുന്ന കാര്യം പരിഗണിച്ചിട്ടില്ല.

നികുതിയേതര വരവുകൾ

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്

കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും) ലൈസൻസ് ഭേദഗതി ചട്ടങ്ങൾ 2017 ലെ ചട്ടം 18 പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിനുള്ള ഫീസ് ഈടാക്കിയിട്ടുണ്ട്.
ചട്ടം 24 പ്രകാരം ലൈസൻസ് ലഭിക്കുന്നയാൾ അനുസരിക്കേണ്ട നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു

വരുത്തേണ്ടതാണ്.

ലേലം

മരങ്ങളുടെ ലേലം/പുനർലേലം എന്നിവ 2022-23 വർഷത്തിൽ നടന്നിട്ടുണ്ടെങ്കിലും പല മരങ്ങളും ലേലം കൊണ്ടിട്ടില്ല. ആയതിന്റെ കാരണം പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്ത് പരിഹാരം കാണേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന് നിഷ്ക്രിയ ആസ്തികൾ ഉണ്ടോ എന്ന് സ്ഥലപരിശോധന നടത്തി കണ്ടെത്തേണ്ടതും, പ്രസ്തുത ആസ്തികളിൽ നിന്നും വരുമാനം ലഭിക്കാനുള്ള സാധ്യതകൾ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്.

മറ്റിനങ്ങൾ

പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് ലഭ്യമാകാവുന്ന വരവുകൾ (ഭാവിയിൽ വരുമാന മാർഗ്ഗമാക്കാവുന്നത്) കണ്ടെത്തിയിട്ടില്ല. ആയത് സംബന്ധിച്ച് സാധ്യതാപഠനത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 രസീതു മുഖേന പിരിച്ചെടുത്ത തുക ഗ്രാമപഞ്ചായത്തിൽ വരവ് വച്ചില്ല

വി ഇ ഒ യ്ക്ക് നല്കിയ രസീതു ബുക്ക് നം. 14897 ഉപയോഗിച്ച് 30.03.2023 ൽ പിരിച്ചെടുത്ത 2025/- രൂപ ഗ്രാമപഞ്ചായത്തിൽ അടവാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻകൃയറി (നം.19/04-12-2023) നല്കിയിരുന്നു.

30.3.2023 ൽ തന്നെ തുക പഞ്ചായത്തിൽ അടയ്ക്കാൻ ഏൽപ്പിച്ചിരുന്നു എങ്കിലും അന്നേദിവസം സാങ്കേതിക തകരാർ മൂലം രസീത് ലഭിച്ചില്ലായെന്നും രസീത് അടുത്തദിവസം ലഭ്യമാക്കാം എന്ന് അറിയിച്ചെങ്കിലും പിന്നീട് രസീത് വാങ്ങാൻ വിട്ടു പോവുകയും തുടർന്ന് ഓഡിറ്റ് എൻകൃയറി ലഭ്യമായ ശേഷം പരിശോധിച്ചപ്പോൾ ടി തുക പഞ്ചായത്തിൽ വരവ് ആയിട്ടില്ല എന്ന് ബോധ്യപ്പെടുകയും ചെയ്തു എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

6.12.2023 ൽ രസീതു നം.1230103319 പ്രകാരം 2025/- രൂപയും (അടവാക്കേണ്ട തുക) രസീതു നം. 1230103320 പ്രകാരം 365/- രൂപയും (അടവാക്കാൻ വൈകിയതിന് 18% പലിശ) പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.
മേലിൽ ഇപ്രകാരം സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ടി രസീത് ബുക്കിലെ 95-ാം നമ്പർ രസീതിന് ശേഷമുള്ള ഉപയോഗിക്കാത്ത രസീതുകൾ സാമ്പത്തിക വർഷത്തിന്റെ അവസാനം ക്യാൻസൽ ചെയ്തിട്ടില്ല.
രസീത് ബുക്കിലെ ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്യേണ്ടതാണ്.

1-11 തൊഴിൽ നികുതി - അപാകങ്ങൾ

1) വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല
തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, ലൈസൻസിനായുള്ള അപേക്ഷയിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. (ഏതാനും ഉദാഹരണങ്ങൾ മാത്രം)

ക്രമ നം.	സ്ഥാപനം	ജീവനക്കാരുടെ എണ്ണം
1	ഏസോൺ ബിൽഡ് മാർട്ട് - ലിയാക്കത്ത് അലി ഖാൻ	6
2	ഹോണ്ട മോട്ടോർ സൈക്കിൾ -സെയിൽസ് ആൻഡ് സർവീസസ് - ജോൺ എ.തയ്യിൽ	10
3	മലബാർ ഹോട്ടൽ – ഹംസ ടി എ	4
4	ന്യൂ വേൾഡ് ഓയിൽ ഇൻഡസ്ട്രീസ് – ബാബു വി.ജെ.	15
5	യൂറോ കിച്ചൻ എക്യുപ്മെന്റ്സ് – ഷാജഹാൻ വി കെ	5

6	ഷാജി സോമിൽ -അയിഷ	5
7	കേരള ഗോൾഡ് & ഡയമണ്ട്സ്, ന്യൂ ജാസ് ജ്വല്ലറി - അഹമ്മദുണ്ണി	9

2) വടക്കേക്കാട് സർവീസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി – രണ്ട് അർദ്ധവർഷത്തെയും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.
ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻകവയറി നം.16/04.12.2023)

1-12 കരാറുകാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).
ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. വടക്കേക്കാട് ഗ്രാമപഞ്ചായത്തിന്റെ ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡിപ്പാർട്ട്മെന്റ് & എഞ്ചിനീയറിംഗ് വിംഗിലെ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ധനീഷ് കെ എ
2. കെ എ ഗോപിനാഥൻ
3. ബബിത ടി എം
4. വിജിൻ കെ വി
5. സുനിൽകുമാർ എം എം
6. ബിനുരാജ് കെ ജി
7. അബ്ദുറഹ്മാൻ സാദിഖ്
8. മുഹമ്മദ് സയ്യിദ്
9. കെ പി ജേക്കബ്
10. ബേബി ജോൺ വി.എ.
11. ബാബു കെ.ടി
12. സന്തോഷ് ജാക്ക്
13. ജിജു ടി ടി
14. സത്യജിത്ത് ഇ കെ
15. സുരേഷ് കെ എസ്
16. ശ്രീജിത്ത് എ എസ്
17. ബി2എസ് ഡെവലപ്പേഴ്സ്

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതും അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻകവയറി നം.7/01.12.2023)

1-13 സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 3 സ്ഥാപനങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ് നം. / കെട്ടിട നം.	കെട്ടിട ഉടമ	ഡാറ്റ പ്യൂരിഫിക്കേഷൻ സ്റ്റാറ്റസ്
1	6/235	പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി, ഞമനേങ്ങാട് മരണാനന്തര സഹായ സമിതി	Data Entry Started
2	8/162	കോളങ്ങാട്ടിൽ അബൂബക്കർ	Returned For Correction

3	16/97A	കുര്യാക്കോസ് മുട്ടത്ത്	Not Started

സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കേണ്ടതാണ്.
(ഓഡിറ്റ് എൻകൃയറി നം.21/05-12-2023)

1-14 തെറ്റായ അടിസ്ഥാന വസ്തുനികുതി നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കി

2011-ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തുനികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 45/- രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ളവയ്ക്ക് 60/- രൂപയുമാണ് അടാട്ട് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ, 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി, 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെക്കൊടുത്തിരിക്കുന്ന വാണിജ്യകെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 45/-രൂപ നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നമ്പർ	കെട്ടിട ഉടമ	വിസ്തീർണ്ണം		നിലവിൽ ചുമത്തുന്ന വാർഷിക വസ്തുനികുതി			ചുമത്തേണ്ട വാർഷിക വസ്തുനികുതി			
			അടിസ്ഥാന വസ്തു നികുതി @ 45/M2	വർദ്ധനവ്	ലൈബ്രറി സെസ്സ്	വാർഷിക വസ്തു നികുതി	അടിസ്ഥാന വസ്തു നികുതി @ 60/M2	വർദ്ധനവ്	ലൈബ്രറി സെസ്സ്	വാർഷിക വസ്തു നികുതി
8/297G	സിജീഷ് ടി ജി, പ്രിയങ്ക. പി.എസ്, തലേക്കര	279.6	12582	(വഴി സൗകര്യം 20%) 2516.4	793	15891.4/- (സഞ്ചയ പ്രകാരം കളക്റ്റ് ചെയ്യുന്നത് – 16647/- രൂപ)	16776	(വഴി സൗകര്യം 20%) 3355.2	1006.56	21138

വസ്തുനികുതി കുറവ് ഈടാക്കിയത് സംബന്ധിച്ച് പരിശോധിക്കേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻകൃയറി നം.21/05-12-2023)

1-15 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

മൊബൈൽ ടവറുകളുടെ നാളിതുവരെയുള്ള വസ്തുനികുതി കുടിശ്ശിക ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നം.	മൊബൈൽ ടവർ	വസ്തുനികുതി കുടിശ്ശിക
1	1/657/A	Bharath Sanchar Nigam Limited	15593
2	8/249/A	Chennai Network Infrastucture Limited	31815
3	10/521/A	Bharath Sanchar Nigam Limited	12705

മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻകൃയറി നം.21/05-12-2023)

1-16 പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ്

നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.
മേൽ ചട്ട പ്രകാരമുള്ള പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തേണ്ടതും അവയിൽ നിന്നും നിയമാനുസൃത വസ്തു നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-17 FTEAOS ലൈസൻസ്- അപാകങ്ങൾ

1) വടക്കേക്കാട് ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം താഴെപറയും പ്രകാരമാണ്.
100 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ – 1962 എണ്ണം
100 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ – 150 എണ്ണം
200 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ – 3 എണ്ണം
200 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ – 35 എണ്ണം
വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ – 16 എണ്ണം
ആകെ – 2166 എണ്ണം

ഗ്രാമപഞ്ചായത്തിൽ ആകെ 2166 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കായി കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2022-23 വർഷം ഫാക്ടറീസ്, ട്രേഡേഴ്സ്, ഓൺഡർപ്രണർഷിപ്പ്, ആക്ടിവിറ്റിസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 2166 കെട്ടിടങ്ങളിൽ 493 സ്ഥാപനങ്ങൾ മാത്രമെ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളു. ബാക്കിയുള്ള 1673 കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമല്ല. ഇപ്രകാരം വ്യത്യാസം വന്നതിന്റെ കാരണം പരിശോധിക്കേണ്ടതാണ്.
2) കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും) ഭേദഗതി ചട്ടങ്ങൾ 2017 ലെ ചട്ടം 24(vi) പ്രകാരം : "ഏത് സ്ഥലത്തിന്റെ കാര്യത്തിൽ ലൈസൻസ് നൽകിയിരിക്കുന്നുവോ ആ സ്ഥലത്ത് എല്ലാവരും കാണത്തക്കവിധത്തിലുള്ള ഒരു ഭാഗത്ത് ലൈസൻസുകാരൻ തന്റെ പേരും, ലൈസൻസിന്റെ നമ്പരും, ഉദ്ദേശ്യവും കാണിക്കുന്ന ഒരു അടയാളപ്പലക വച്ചിരിക്കേണ്ടതാണ്." ആയത് ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപ്രകാരം ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
3) കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും) ഭേദഗതി ചട്ടങ്ങൾ 2017 ലെ ചട്ടം 24 ൽ ലൈസൻസ് ലഭിക്കുന്നയാൾ അനുസരിക്കേണ്ട നിർദ്ദേശങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. ആയത് പാലിക്കപ്പെടുന്നുണ്ടോ എന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപ്രകാരം ചെയ്യുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
4) 2022-23 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ്/രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ആയത് കാലികമാക്കേണ്ടതാണ്.
ട്രേഡേഴ്സ് ലിസ്റ്റ് ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ മാറിയ കെട്ടിടങ്ങളുടെ വിവരവും, വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും, പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ വ്യാപാര ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. തൊഴിൽനികുതിയും അടവാക്കിയിട്ടുണ്ടെന്ന് അപ്രകാരം തന്നെ ഉറപ്പ് വരുത്തേണ്ടതാണ്.
ഫെബ്രുവരി മാസത്തിലെ അവസാനത്തെ പ്രവൃത്തി ദിവസം, മുൻ വർഷം ലൈസൻസ് എടുത്തവരെല്ലാം പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നല്കേണ്ടതുമാണ്.
5) ഡബ്ല്യു.പി.സി 22937/2021 നമ്പർ റിട്ട് ഹർജിയിൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച 11.7.2022 ലെ വിധിന്യായത്തിലെ നിർദ്ദേശാനുസാനുസരണം തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 1.8.2022 ലെ എൽ.എസ്.ജി.ഡി-ആർ ഡി 1/147/2022 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതത് അധികാരപരിധിയിൽ 1963 ലെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ ഏതെങ്കിലും ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് കണ്ടെത്തി അത്തരത്തിൽ പ്രവർത്തിക്കുന്ന ജിംനേഷ്യങ്ങൾക്ക് മൂന്ന് മാസത്തിനുള്ളിൽ നിർബന്ധമായും ലൈസൻസ് നേടാൻ നിർദ്ദേശിച്ചു നോട്ടീസ് നല്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ സർക്കുലർ പ്രകാരം സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ പ്രകാരമുള്ള ലൈസൻസ് ഉറപ്പ് വരുത്തേണ്ടതാണ്.
(ഓഡിറ്റ് എൻകയറി നം.17/04.12.2023)

1-18 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഈടാക്കിയിട്ടില്ല

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ (ചട്ടങ്ങൾ) ചട്ടം (3) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല.
താഴെക്കൊടുത്തിരിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ് അടവാക്കാതെയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

1. അമൃത ക്ലിനിക്കൽ ലബോറട്ടറീസ് (VIII/485E) – ആശ കെ.എൻ.

2. മെഡിനോവ ക്ലിനിക്കൽ ലബോറട്ടറി(III/358) - സുബൈർ ടി.കെ.
3. ജ്യോതിസ് ഹോമിയോപ്പതിക് ക്ലിനിക് (I/ 96) – റോജൻ വി.ടി.
4. കുന്നേക്കാട്ട് ആയുർ സൊല്യൂഷൻ ആയുർവേദ ക്ലിനിക് – ബാലകൃഷ്ണൻ സി.

പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻകയറി നം.18/04-12-2023)

1-19 ഫാം ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തി കൊണ്ടു പോകുന്നതിനോ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

(I) കന്നുകാലി ഫാം : 5 മൃഗങ്ങൾ
(Ii) ആട് ഫാം : 20 മൃഗങ്ങൾ
(Iii) പന്നി ഫാം : 5 മൃഗങ്ങൾ
(Iv) മുയൽ ഫാം : 25 മൃഗങ്ങൾ
(V) പൗൾട്രി ഫാം : 100 പക്ഷികൾ

I) ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും പരിശോധിച്ചതിൽ (ഫോറം 6) പഞ്ചായത്ത് പരിധിയിൽ താഴെക്കൊടുത്തിരിക്കുന്ന ഫാം പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ക്രമ നം.	കെട്ടിട ഉടമയുടെ പേര്	കെട്ടിട നം.	വിസ്തീർണ്ണം (ച.മീ)	ഉപയോഗ ക്രമം
1.	സണ്ണി വെള്ളറ	8/651 B	31.38	ലൈവ് സ്റ്റോക്ക് ഷെഡ് (കന്നുകാലി വളർത്തൽ കേന്ദ്രം)
2	സണ്ണി വെള്ളറ	8/651 C	33.84	ലൈവ് സ്റ്റോക്ക് ഷെഡ് (കന്നുകാലി വളർത്തൽ കേന്ദ്രം)
3	മേഴ്സി വെള്ളറ	9/61A	40.5	കോഴി വളർത്തൽ ഷെഡ്
4	ഉമ്മു മുതൽപേർ പൊന്നഞ്ചാത്തയിൽ	9/268A	86.25	കോഴി വളർത്തൽ ഷെഡ്
5	മുഹമ്മദാലി ഹാജി പാവൂരയിൽ	12/21A	38.02	ലൈവ് സ്റ്റോക്ക് ഷെഡ് – Cattleshed
6	മുസ്തഫ എ.കെ. ആന്തുപറമ്പിൽ	14/68A	50	കോഴി വളർത്തൽ ഷെഡ്
7	സുനീർ, റാഷിദ ഇടിക്കലത്ത് പറമ്പിൽ	15/125	25	കോഴി വളർത്തൽ ഷെഡ്
8	അബൂബക്കർ , ഷാജിത , നമ്പിടിവീട്ടിൽ	15/366A	69.05	ലൈവ് സ്റ്റോക്ക് ഷെഡ് – Cattleshed
9	ശിവപ്രസാദ് പൊന്നത്ത്	16/523A	129.39	ലൈവ് സ്റ്റോക്ക് ഷെഡ് – Cattleshed

മേൽ കൊടുത്തിരിക്കുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്നതാണോ എന്ന വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻകയറിക്ക് (നം. 6/01.12.2023) മേൽ കെട്ടിടങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പരിശോധന നടത്തി ഫാം ലൈസൻസ് എടുക്കേണ്ടതുണ്ടെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 കടമുറിവാടക -പരാതിയുടെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണ്

വടക്കേക്കാട് ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സിലെ 10/575 നമ്പർ മുറി വാടകയ്ക്ക് എടുത്തിരുന്ന തലക്കോട്ടൂർ ചേറു മകൻ ഡെന്നി ഈ വർഷത്തെ കെട്ടിടമുറി വാടക ഒടുക്കിയിട്ടില്ല. ടി കെട്ടിടമുറി സംബന്ധിച്ച് ഒരു പരാതി നിലനിൽക്കുന്നതായി 9.5.2022 ലെ ഭരണസമിതിയുടെ 5(1) നമ്പർ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 01/04/2022 മുതൽ ടി മുറി ആയുർവേദ ആശുപത്രി, ഹോമിയോ എന്നീ ആവശ്യങ്ങൾക്ക് എടുക്കുന്നതിന് ടിയാളെ ഒഴിവാക്കിയതിന് എതിരെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിൽ എ.പി.എൽ 2041 നമ്പർ ഹർജി നല്കിയിട്ടുണ്ട്. ആയത് സംബന്ധിച്ച് നിലവിലെ അവസ്ഥ അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകയറിക്ക് (നം.22/05.12.2023) മറുപടി ലഭ്യമാക്കിയില്ല. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കണം

കെട്ടിടമുറികളുടെ വാടക, Halls & Auditoriums ൽ നിന്നുള്ള വാടക, എന്നിവ സംബന്ധിച്ച സർക്കാർ അംഗീകൃത ബൈലോ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുവാനും അപ്രകാരം സർക്കാർ അംഗീകൃത ബൈലോ ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുവാനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകയറിക്ക് (നം.15/04.12.2023) മറുപടി ലഭ്യമാക്കിയില്ല.

ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

1-21 ലേലം -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

ലേലം സംബന്ധിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1) തീരുമാന നമ്പർ 8(3) /4.4.2022 – വടക്കേക്കാട് ഗ്രാമപഞ്ചായത്ത് പൊതുസ്ഥലത്ത് നിൽക്കുന്ന മരങ്ങളുടെ വില നിർണ്ണയം സംബന്ധിച്ച് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ കത്ത് യോഗം പരിശോധിച്ചു. (വാർഡ്-16 96/8 സർവ്വേ നമ്പർ പ്രകാരം വി.കെ സിദ്ദീഖ് എന്നവരുടെ വീടിന് മുമ്പിൽ) ആയത് പ്രകാരം ടി മരം ലേലം ചെയ്യുന്നതിന് തീരുമാനിച്ചു.

2) തീരുമാനം നം.(2) /17.11.2022 – വടക്കേക്കാട് ഗ്രാമ പഞ്ചായത്ത് ഓഫീസിന് മുൻവശത്തുള്ള അപകടാവസ്ഥയിൽ നിൽക്കുന്ന മഴമരം മുറിച്ചെടുക്കുന്നതിന് ലേലം ചെയ്തതിൽ സോഷ്യൽ ഫോറസ്റ്റ് തയ്യാറാക്കിയ തുകക്ക് ആരും തന്നെ ലേലം ഏറ്റെടുക്കാത്തതിനാൽ വീണ്ടും ലേലം ചെയ്യുന്നതിന് തീരുമാനിച്ചു.

3) തീരുമാനം നം.(3) /17.11.2022 – വടക്കേക്കാട് ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിലെ വട്ടംപാടം ഓട്ടോറിക്ഷ സ്റ്റാന്റിന് സമീപത്ത് അപകടാവസ്ഥയിൽ നിൽക്കുന്ന മഴമരവും 14-ാം വാർഡിലെ വട്ടംപാടം സെന്ററിലെ പഞ്ചായത്ത് റോഡിൽ നിൽക്കുന്ന മഴമരവും മുറിച്ചെടുക്കുന്നതിന് ലേലം ചെയ്തതിൽ സോഷ്യൽ ഫോറസ്റ്റ് തയ്യാറാക്കിയ തുകക്ക് ആരും തന്നെ ലേലം ഏറ്റെടുക്കാത്തതിനാൽ വീണ്ടും ലേലം ചെയ്യുന്നതിന് തീരുമാനിച്ചു.

4) തീരുമാനം നം.12(1)/03.01.2023 – വടക്കേക്കാട് ഗ്രാമപഞ്ചായത്ത് 2022-23 വർഷത്തെ മഹാത്മാഗാന്ധി റോഡ് കാന നിർമ്മാണം പ്രവർത്തി പൂർത്തിയാക്കിയപ്പോൾ ലഭിച്ച മണ്ണ് ലേലം ചെയ്യുന്നത് സംബന്ധിച്ച് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ എസ് ജി ഡി ചാവക്കാട് ബ്ലോക്ക് നൽകിയ കത്ത് യോഗം വായിച്ചു. ആയത് പ്രകാരം അസിസ്റ്റൻറ് എൻജിനീയർ എൽ എസ് ജി ഡി വടക്കേക്കാട് തയ്യാറാക്കിയ സ്റ്റേറ്റ്മെൻറ് പ്രകാരം മണ്ണ് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

മേൽ തീരുമാനങ്ങൾ പ്രകാരമുള്ള ലേലം നടന്നതായി കാണുന്നില്ല. ലേലം/ പുനർലേലം എന്നിവ നടത്തിയിട്ടും ലേലം ചെയ്യാൻ സാധിക്കാത്തവ സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി ഉചിതമായ തീരുമാനമെടുക്കേണ്ടതാണ്.

ലേലം ചെയ്യാൻ അവശേഷിക്കുന്നവ കാര്യക്ഷമമായി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻകയറി നം.23/05.12.2023)

1-22 കെട്ടിടനിർമ്മാണ പെർമ്മിറ്റ് - സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

300m^2 ന് മുകളിലും 1000m^2 താഴെയുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് കെട്ടിട ഉടമ സ്വയം സാക്ഷ്യപ്പെടുത്തേണ്ടതും പ്ലാൻ തയ്യാറാക്കിയ ആർക്കിടെക്ട്/എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ അപ്രകാരം ഉറപ്പാക്കിയതായി കാണുന്നില്ല.

ക്രമ നം	പെർമ്മിറ്റ് ഫയൽ നം.	പെർമ്മിറ്റ് എടുത്ത വ്യക്തിയുടെ പേര്	വിസ്തീർണ്ണം (M^2)
1	425/23 23.01.2023	ഷിരീബ്	538.01
2	2233/23 10.03.2023	കബീൽ നൂർ മുഹമ്മദ്	315.48
3	SC2-78/22 13.04.2022	അബ്ദുൾ അസീസ് & അബ്ദുൾ റസാഖ്	343.99
4	2382/22 06.09.2022	റഫീഖ്	534.84
5	277/23 16.01.2023	മുഹമ്മദ് അഫ്സൽ	329.97

6	406/23 21.01.2023	ഷരീഫ് & മുഹമ്മദ്	827.12
7	794/23 07.02.2023	മാധവൻ പൂങ്ങാട്ടുമനക്കൽ	636.4
8	2353/23 16.03.2023	അബ്ദുൾ ഖാദർ	511.78
9	5346/22 21.12.2022	മമ്മദ് ബ്ലാഹയിൽ	424.8

Appendix L സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻകൃയറി നം.14/04.12.2023)

1-23 സാമൂഹ്യ സുരക്ഷാ പെൻഷൻ - അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ക്രമ നം	പേര്	പെൻഷണർ ഐ ഡി	പെൻഷൻ തരം	മരണപ്പെട്ട തീയതി	മരണ രജിസ്ട്രേഷൻ നമ്പർ / തീയതി	നിലവിലെ സ്റ്റാറ്റസ്	അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം			അധികം നൽകിയ തുക
							കാലയളവ്	തുക	ആകെ	
1	ഉമ്മൻ	107180200978	വാർദ്ധക്യകാല പെൻഷൻ	08.11.2022	149/2022 17.11.2022	സസ്പെൻഡ്	12/2022- 02/2023	1600	4800	4800
2	നീലകണ്ഠൻ	107180200853	വാർദ്ധക്യകാല പെൻഷൻ	07.11.2022	151/2022 25.11.2022	സസ്പെൻഡ്	12/2022- 02/2023	1600	4800	4800
3	കുഞ്ഞിമോൾ	107180601035	വാർദ്ധക്യകാല പെൻഷൻ	18.11.2022	153/2022 02.12.2022	സസ്പെൻഡ്	12/2022- 02/2023	1600	4800	4800
4	പാറുക്കുട്ടി	107180600650	വിധവ പെൻഷൻ	25.07.2022	156/2022 04.12.2022	സസ്പെൻഡ്	08/2022- 02/2023	1600	11200	11200
5	കുഞ്ഞിമോൻ	2220264916	ക്ഷേമനിധി ബോർഡ് പെൻഷൻ (Karshaka Pension For Small And Marginal Farmers)	09.10.2022	134/2022 19.10.2022	ആക്ടീവ്	11/2022- 06/2023	1600	12800	12800
6	തോമസ്	2220264880	ക്ഷേമനിധി ബോർഡ് പെൻഷൻ (Karshaka Pension For Small And Marginal Farmers)	19.09.2022	132/2022 14.10.2022	ആക്ടീവ്	10/2022- 06/2023	1600	14400	14400
7	വിജയൻ	107180200147	വാർദ്ധക്യകാല പെൻഷൻ	06.11.2022	148/2022 17.11.2022	സസ്പെൻഡ്	12/2022- 02/2023	1600	4800	4800
8	കുഞ്ഞമ്മ	107180600134	വിധവ പെൻഷൻ	06.11.2022	150/2022 18.11.2022	സസ്പെൻഡ്	12/2022- 02/2023	1600	4800	4800
9	അമ്മിണി	107180600598	വിധവ പെൻഷൻ	12.08.2022	131/2022 10.10.2022	സസ്പെൻഡ്	09/2022- 02/2023	1600	9600	9600
10	പോൾ എം.എം.	107180200998	വാർദ്ധക്യകാല പെൻഷൻ	13.10.2022	143/2022 07.11.2022	സസ്പെൻഡ്	11/2022- 02/2023	1600	6400	6400
11	ജാനകി	107180100440	കർഷക തൊഴിലാളി പെൻഷൻ	19.02.2022	43/2022 09.03.2022	സസ്പെൻഡ്	03/2022- 06/2023	1600	25600	25600
12	കുഞ്ഞിമോൻ	107180200166	വാർദ്ധക്യകാല പെൻഷൻ	14.02.2022	44/2022 09.03.2022	സസ്പെൻഡ്	03/2022- 02/2023	1600	19200	19200
13	ഭാസ്ക്കരൻ	107180200569	വാർദ്ധക്യകാല പെൻഷൻ	14.03.2022	75/2022 16.06.2022	സസ്പെൻഡ്	04/2022- 02/2023	1600	17600	17600
ആകെ അധികം നൽകിയ തുക										140800

10/2022 മുതൽ 12/2022 വരെയുള്ള മാസങ്ങളിലെയും 03/2022, 06/2022 മാസത്തെയും വിവരങ്ങൾ മാത്രമാണ് മുകളിൽ കൊടുത്തിട്ടുള്ളത്.

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. വടക്കേക്കാട് ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്കു (നമ്പർ 23/ 11-10-2023) മറുപടി ലഭ്യമാക്കിയില്ല.

സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി /ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ചു അതാതു മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ

സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മൂലേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 02.08.2021 ലെ സർക്കുലർ നം.63/2021/ധന. പ്രകാരം മേൽനിർദ്ദേശങ്ങൾ പരിഷ്ക്കരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10-ാം തീയതിക്ക് മുൻപ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് അനർഹരായവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

വടക്കേക്കാട് ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നുവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതാണ്. വടക്കേക്കാട് ഗ്രാമപഞ്ചായത്തിൽ അനർഹമായി നൽകിയ മേൽ പരാമർശിച്ച 140800/- രൂപ തിരികെ അടവാക്കാനുള്ള നടപടി സ്വീകരിക്കുന്നതിനോടൊപ്പം 2022-23 വർഷം മരണപ്പെട്ടവരിൽ വടക്കേക്കാട് ഗ്രാമപഞ്ചായത്തിൽ അനർഹമായി പെൻഷൻ വാങ്ങുന്നവരുണ്ടോ എന്നുള്ള വിവരം പരിശോധിച്ച് വാങ്ങുന്നുണ്ടെങ്കിൽ അത്തരത്തിലുള്ള മുഴുവൻ തുകയും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേക്ക് തിരികെ അടവാക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. ക്ഷേമനിധി ബോർഡുകളിൽ നിന്ന് പെൻഷൻ ലഭ്യമാകുന്നവർ മരണപ്പെട്ടതിന്റെ വിവരങ്ങൾ ബോർഡുകളെ അറിയിക്കേണ്ടതാണ്.

കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതു സംബന്ധിച്ചുള്ള റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻകയറി നം.13/04.12.2023)

1-24 വിവിധ പ്രൊജക്ടുകൾ പ്രകാരം സി.എച്ച്.സി.യിലേക്ക് മരുന്നുകൾ വാങ്ങൽ- മുഴുവൻ മരുന്നുകളും ലഭ്യമായില്ല.

2022-23 വർഷത്തിൽ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമേ മരുന്നുകൾ ലഭ്യമായിട്ടുള്ളൂ. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ടിന്റെ പേരും നമ്പരും	ജീവിത ശൈലീ രോഗ നിയന്ത്രണ ക്യാമ്പുകൾക്ക് മരുന്ന് വാങ്ങൽ (14/23)	പരിരക്ഷ പദ്ധതി (13/23)	കിഡ്നി രോഗികൾക്ക് ഡയാലിസിസും മരുന്ന് വാങ്ങലും (17/23)
ഫണ്ടിനം	മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് അടങ്കൽ - 7,00,000	പൊതുവിഭാഗം വികസന ഫണ്ട്- 570000 ജില്ലാ പഞ്ചായത്ത്- 300000 മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്- 340000 ആകെ - 12,10,000	മെയിന്റൻസ് ഫണ്ട് (റോഡിതരം)- അടങ്കൽ- 8,99,960/-
കൈമാറിയ തുകയും പ്രൊഫോർമ ഇൻവോയ്സ് നമ്പരും	A. 5,57,912/- (PRF 4477/15.02.23) B. 1,19,039/- (PRF 5001/04.03.23) C. 23,049/- (PRF 5001/04.03.23) ആകെ - 7,00,000/-	1,68,829/- (PRF 4626/21.01.23)	4,80,000/- (PRF 4974/03.03.23)
വൗച്ചർ നം./ തീയതി., തുക	A. 42201284/20.02.23, 5,57,912/- B.42201288/07.03.23, 1,19,039/- C. 42201335/27.03.23, 23,049/-	42201328/20.03.23 (Gross Amt.180490/-)	42201287/07.03.23

ലഭിച്ച മരുന്നുകളുടെ മൂല്യം	3,09,977	NIL	3,30,204
ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ മൂല്യം	3,90,023/-	1,68,829	1,49,796/-

മേൽ പട്ടിക പ്രകാരം ലഭിക്കാൻ ബാക്കിയുള്ള മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും സ്റ്റോക്കിലെടുത്ത് ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം. 04/29.11.23)

1-25 കോക്ലിയർ ഇംപ്ലാന്റേഷൻ -ഉപകരണം ലഭ്യമായിട്ടില്ല.

പ്രോജക്ട് നം.65/22-23, കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസ്
നിർവ്വഹണ ഉദ്യോഗസ്ഥ -ഐ.സി.ഡി.എസ്. സൂപ്പർവൈസർ
അടങ്കൽ 100,000
ചെലവ് 100,000
വൗച്ചർ നം.422001269/24-1-23
കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത താഴെ പറയുന്ന 2 കുട്ടികൾക്ക് ഉപകരണങ്ങളുടെ കാലാകാലങ്ങളിലുള്ള റിപ്പയറിങ്ങിന് 2022-23 ൽ 50000 വീതം 100000 രൂപ സോഷ്യൽ സെക്യൂരിറ്റി മിഷനിൽ അടവാക്കിയിട്ടുണ്ട്.
1. സെൻഹാം
2. സേത്ത്

ടി ആവശ്യത്തിന് തുക വിനിയോഗിച്ച വിവരം ലഭ്യമാക്കുന്നതിനും പദ്ധതിയുടെ ഗുണഭോക്താക്കളായ കുട്ടികൾക്ക് ഉപകരണം റിപ്പയർ ചെയ്ത് ലഭ്യമായിട്ടുണ്ടോയെന്നുമുള്ള കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം 12/തിയ്യതി-1/12/23 ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗവിവരം ലഭ്യമാക്കുന്നതിനായി സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചത്. ശ്രവണസഹായി അറ്റകുറ്റപണിക്ക് താമസം നേരിടുന്നത് ഗുണഭോക്താവിന് പ്രയാസം സൃഷ്ടിക്കുമെന്നതിനാൽ എത്രയും വേഗം ഉപകരണം റിപ്പയർ ചെയ്ത് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിനിയോഗവിവരം ലഭ്യമാക്കേണ്ടതുമാണ്.

1-26 അനുപൂരക പോഷകാഹാരം- ഉത്പന്നങ്ങൾ വാങ്ങിയപ്പോൾ CGST,SGSTഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കായിട്ടില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ 19/22-23 അങ്കണവാടി അനുപൂരക പോഷകാഹാര വിതരണം എന്ന പ്രോജക്ടിൽ അമൃതം ന്യൂട്രിമിക്സ്, എളവള്ളി എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം അമൃതം പോഷകപ്പൊടി 2.5% CGSTയും, 2.5% SGSTയും നല്കി വാങ്ങിയിട്ടുള്ളതാണ്

ക്രമ നമ്പർ	ഉൽപ്പന്നം	ഇൻവോയ്സ് നമ്പർ, തീയതി	തുക	CGST	SGST
1	അമൃതം	421/8.03.22	83283	2082	2082
2	പോഷകപ്പൊടി	422/8.03.22	4209	105	105
3	അമൃതം	440/19.04.22	82005	2050	2050
4	പോഷകപ്പൊടി	441/19.04.22	4209	105	105
5	അമൃതം	471/23.5.22	56592	1375	1375
6	പോഷകപ്പൊടി	472/23.5.22	744	18	18
7	അമൃതം	483/17.6.22	68544	1666	1666
8	പോഷകപ്പൊടി	485/17.6.22	744	18	18
9	അമൃതം	502/19.7.22	57240	1431	1431
10	പോഷകപ്പൊടി	503/19.7.22	1984	49	49
11	അമൃതം	520/12.8.22	66024	1650	1650
12	പോഷകപ്പൊടി	521/12.8.22	434	11	11
13	അമൃതം	541/29.9.22	54741	1349	1349
14	പോഷകപ്പൊടി	542/29.9.22	2806	69	69
15	അമൃതം	562/16.81022	66528	1617	1617
16	പോഷകപ്പൊടി	563/16.10.22	2852	69	69
17	അമൃതം	571/3.11.22	53568	1302	1302
18	പോഷകപ്പൊടി	572/3.11.22	2852	69	69
19	അമൃതം	590/2.12.22	63504	1453	1453

20	പോഷകപ്പൊടി	591/2.12.22	1550	37	37
21	അമൃതം	611/2.1.23	55512	1387	1387
22	പോഷകപ്പൊടി	612/2.1.23	2046	51	51
23	അമൃതം	636/14.2.23	69804	1696	1696
24	പോഷകപ്പൊടി	637/14.2.23	2418	58	58
		ആകെ	804193	19812	19812

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന ബില്ലുകളിൽ നിന്നും CGST, SGSTഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികപ്പെടുത്തിയ ' ഉത്പന്നങ്ങൾ വാങ്ങിയപ്പോൾ CGST, SGSTഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ലാത്തതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകയറി നം 11/1.12.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മേലിൽ ശ്രദ്ധിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഈ സ്ഥാപനങ്ങളിൽ നിന്നുമുള്ള വാങ്ങലുകളിൽ ജിഎസ്റ്റി ടിഡിഎസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-27 പദ്ധതിപ്രകാരം മാറ്റിയ പഴയ മോട്ടോർ- തുടർനടപടി സ്വീകരിക്കേണ്ടതാണ്

പദ്ധതി നമ്പർ –180/22-23 കരുവാംപറമ്പ് എം.എൻ ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി – മോട്ടോർ വാങ്ങൽ

അടങ്കൽ – 80,000/-

ചെലവ്- 33,180/-

നിർവ്വഹണ ഉദ്യോഗസ്ഥൻ :സെക്രട്ടറി

വൗച്ചർ നമ്പർ : 42200836/9-1-23

മേൽ പദ്ധതി പ്രകാരം തനത് ഫണ്ട് ഉപയോഗപ്പെടുത്തി പഴയ മോട്ടോർ നീക്കം ചെയ്ത് പുതിയ മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്, ബന്ധപ്പട്ട ഫയൽ പരിശോധിച്ചതിൽ 20/9/22 തിയ്യതിയിലെ 2(3) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം പഴയ മോട്ടോർ ലേലം ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ട്. ടി തീരുമാനം നടപ്പാക്കിയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 9/1-12-23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ലേല നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും ആരും എസ്റ്റിമേറ്റ് തുകയിൽ ലേലം കൊള്ളുന്നതിന് തയ്യാറായില്ലെന്നും മാറ്റിയ പഴയ മോട്ടോർ ഇപ്പോഴും പഞ്ചായത്തിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണെന്നുമാണ് അറിയിച്ചത്. 11/4/13 തിയ്യതിയിലെ സ.ഉ. (ആർ.ടി) 986/13 ത.സ്വ.ഭ.വ. പ്രകാരം വാഹനങ്ങൾ ഒഴികെയുള്ള കാലപ്പഴക്കം കൊണ്ട് ഉപയോഗശൂന്യമാകുന്ന യന്ത്രസാമഗ്രികൾ നടപടിക്രമങ്ങൾ പാലിച്ച് ലേലം ചെയ്യാവുന്നതാണ്. ആയതിനാൽ ടി മോട്ടോർ പുനർ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-28 സോളാർ വൈദ്യുതി -പ്രവർത്തനക്ഷമമായിട്ടില്ല

പ്രോജക്ട് നം.182/22-23, സോളാർ പാനൽ സ്ഥാപിക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി
അടങ്കൽ -300,000
ചെലവ് -294,250
വൗച്ചർ നം.42201281/15-2-23
മേൽ പദ്ധതി പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസ്, ആയുർവേദം, ഹോമിയോ ഡിസ്പെൻസറികൾ എന്നിവക്ക് വൈദ്യുതി ലഭിക്കുന്നതിനായി സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനായി ഡിസ്ട്രിക്റ്റ് എഞ്ചിനീയർ അനർട്ടിന് ബിൽ നം. 195502/തിയ്യതി 15/2/23 , വൗച്ചർ നം.42201281/15-2-23 പ്രകാരം 294,250 രൂപ അടവാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ സോളാർ വൈദ്യുതി നാളിതുവരെയായി ലഭ്യമായിട്ടില്ലായെന്ന് കാണുന്നു. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.8/തിയ്യതി 1-12-23ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഉപകരണങ്ങൾ എല്ലാം തന്നെ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ടെന്നും, വയറിങ്ങ് ജോലികളെല്ലാം പൂർത്തീകരിച്ച് പുതിയ മീറ്റർ സ്ഥാപിക്കുന്നതിന് കെ.എസ് ഇ.ബിയിൽ അപേക്ഷ നൽകി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്നുമാണ് അറിയിച്ചിരിക്കുന്നത്. തുക കൈമാറി പത്ത് മാസ കാലമായിട്ടും പ്രവർത്തികൾ പൂർത്തിയാക്കാത്തത് ശരിയായ നടപടിയല്ല. പണികൾ എത്രയും വേഗം പൂർത്തിയാക്കി സോളാർ വൈദ്യുതി ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 ക്ഷീര കർഷകർക്ക് പാലളവ് -വിനിയോഗവിവരങ്ങൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം.162/22-23 – ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി
നിർവ്വഹണ ഉദ്ധ്യോഗസ്ഥൻ -സെക്രട്ടറി
അടങ്കൽ 25,000
ചെലവ് 25,000
വൗച്ചർ നം.42201074/27-1-23
മേൽ പദ്ധതി പ്രകാരം ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനായി ക്ഷീര വികസന ഓഫീസർ

ചാവക്കാടിന് 25000 രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ലാത്തതും, ചെലവ് വിവരങ്ങൾ സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്തതുമാണ് .ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 10/തിയ്യതി 1-12-23ന് ലഭ്യമാക്കിയ മറുപടി പ്രകാരം ചെലവ് വിവരങ്ങൾ സുലേഖ സ്റ്റേറ്റ്മെന്റിൽ ക്രമീകരിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. വിനിയോഗ വിവരം ലഭ്യമാക്കി ആയത് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

1-30 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല.

വടക്കേക്കാട് ഗ്രാമപഞ്ചായത്തിലെ ആയുഷ് (എൻ.എച്ച്.എം) പ്രൈമറി ഹെൽത്ത് സെന്ററിന് (ഹോമിയോപ്പതി) ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് ഹോംകോയ്ക്ക് മുൻകൂർ തുക കൈമാറിയെങ്കിലും മുഴുവൻ മരുന്നുകളും നാളിതുവരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ടിന്റെ പേരും നമ്പരും	ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് (ഹോമിയോ) മരുന്ന് വാങ്ങൽ (139/23)
നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര്	മെഡിക്കൽ ഓഫീസർ(ഹോമിയോ), സർക്കാർ ഹോമിയോ ഡിസ്പെൻസറി, ആർത്താറ്റ്
ഫണ്ടിനം	മെയിന്റൻസ് ഫണ്ട് (നോൺ റോഡ്)
ചെലവഴിച്ച തുക	3,00,000/-
വൗച്ചർനം./തീയതി	42201260/11.01.23
പ്രൊഫോർമ ഇൻവോയ്സ് നം	PF-298/15.09.2022
ലഭിച്ച മരുന്നുകളുടെ മൂല്യവും ടാക്സ് ഇൻവോയ്സ് നമ്പരും	89,515/- (LF 1034/18.08.2023)
ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ മൂല്യം	2,10,485

മരുന്നുകൾ മുഴുവൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് സ്റ്റോക്കിലെടുത്ത് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം. നം. 02/28.11.23)

1-31 ബാലസഭ പ്രവർത്തനങ്ങൾക്കായി അധികമനുവദിച്ച തുക തടസപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ 35000/-
ചെലവ് ₹28436
വൗച്ചർ നം.22201190/14.3.2023

പ്രോജക്ട് നം.108/23 ബാലസഭ പ്രവർത്തനം ത്വരിതപെടുത്തുന്നതിന്റെ ഭാഗമായി തനതു ഫണ്ടിൽ നിന്നും മെമ്പർ സെക്രട്ടറി, കുടുംബശ്രീ CDSന് ₹28436/-കൈമാറിയിട്ടുള്ളതാണ് (വൗച്ചർ നം.22201190/14.3.2023). ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 14.01.2023ന് കുട്ടികൾക്ക് നെറ്റിപട്ട നിർമ്മാണ പരിശിലനം നടത്തിയതിന്റെ സി.ഡി എസ് ഹാജരാക്കിയ ബില്ലുകൾ പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. പരിശീലനത്തിനായി ഈ ഇനത്തിൽ നിന്നും ആകെ ₹28436/- ചെലവഴിച്ചിട്ടുള്ളതാണ്.

